(ബി) പരേതനായ ഡ്രൈവറുടെ പേരിൽ ലഭ്യമാക്കിയ നിയമാനുസൃത അവകാശ സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ പേര് ഉൾപ്പെട്ടിട്ടില്ലാത്ത കാരണത്താലാണ് ടി അപേക്ഷ അനുകൂലമായി തീർപ്പാക്കാൻ കഴിയാത്തത്.

ശ്രീ. സുലൈമാന് നൽകുവാനുള്ള ആനുകൂല്യങ്ങൾ

183 (1911) ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടറായിരിക്കെ പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ശ്രീ. സുലൈമാന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന് കാണിച്ച് കെ.എസ്.ആർ.ടി.സി. സി.എം.ഡി.-ക്ക് 8-12-2010-ൽ നൽകിയ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ച ഡി.എ. സംബന്ധിച്ച അറിയിപ്പുകളെല്ലാം യഥാക്രമം പൊതുഭരണ വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ശ്രീ. സുലൈമാന് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകളെല്ലാം അനുവദിച്ചത് സംബന്ധമായ അറിയിപ്പുകൾ യഥാസമയം പൊതുഭരണ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രീ. സുലൈമാൻ സമർപ്പിച്ച പരാതി പരിഹരിക്കുന്നതിനും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി ടിയാന്റെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം സിറ്റി യൂണിറ്റധികാരിയുടെ കാര്യാലയത്തിലേക്ക് 10-12-2010-ൽ അയച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്

കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം

184 (1912) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ രണ്ടായിരത്തോളം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം പി.എസ്.സി.-ക്ക് സമർപ്പിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ; ഏതൊക്കെ തസ്തികകളിലുള്ള ജീവനക്കാരായിരുന്നു ഇവർ ; നിർദ്ദേശം പി.എസ്.സി. അംഗീകരിക്കുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ നിരസിക്കാനുണ്ടായ കാരണമെന്ത് ; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധമായ കാര്യങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) സർക്കാർ അംഗീകരിച്ച 2009 ഫെബ്രുവരി 13-ലെ സേവന-വേതന കരാറിലെ വ്യവസ്ഥപ്രകാരം എട്ട് വർഷവും അതിലധികവും കാലം സേവനം അനുഷ്ഠിച്ചിട്ടുള്ളവരും, പ്രതിവർഷം കുറഞ്ഞത് 120 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവരുമായ ഡ്രൈവർ, കണ്ടക്ടർ, പെയിന്റർ, ടയർ റിട്രേഡർ ഇലട്രീഷ്യൻ, ഗ്ലാസ് കട്ടർ, ബ്ലാക്ക് സ്മിത്ത്, മെക്കാനിക്ക്, വെൽഡർ, അപ്പ് ഹോൾസ്റ്റർ തുടങ്ങിയ തസ്തികകളിലെ 2630 താൽക്കാലിക ജീവനക്കാരുടെ പട്ടിക 17-1-2011-ൽ പി.എസ്.സി.-ക്ക് സമർപ്പിക്കുകയുണ്ടായി.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനോട് പി.എസ്.സി. ക്ക് തത്വത്തിൽ യോജിപ്പില്ലാത്തതിനാൽ കമ്മീഷൻ പ്രസ്തുത നിർദ്ദേശം നിരസിക്കുകയുണ്ടായി.

നിലവിൽ കണ്ടക്ടർ, വർക്ക് അസിസ്റ്റന്റ് (മെക്കാനിക്ക് ഗ്രേഡ് 2) എന്നീ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ട്.

(ഡി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നുണ്ട്.

മേൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പി.എസ്.സി.-യുടെ തീരുമാനം പുനഃപരിശോധിക്കുന്നതിലേക്കായി വീണ്ടും പി.എസ്.സി.-യെ സമീപിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലികമായി ജോലിചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി

185 (1913) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലികമായി ജോലി ചെയ്യുന്ന എത്ര ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ;

(സി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമ്പോൾ ഇതിന്റെ ഗുണം ലഭിക്കുന്ന വിവിധ തസ്തികകളുടെ വിശദമായ പട്ടികയും ഓരോ തസ്തികയിലെ എണ്ണവും ഇനവും തിരിച്ചു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly